LIBRARY ARCHIVES Kerala Legislative Assembly

എസ്.ഐ. രാജന്റെ ചികിത്സാ ചെലവ്

92(5678) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽ മാഫിയയുടെ ക്രൂരമായ ആക്രമണത്തിന് വിധേയനായി ചികിത്സയിൽ കഴിയുന്ന പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ. ശ്രീ. രാജൻ ഇപ്പോഴും ചികിത്സയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എസ്.ഐ.-യുടെ മുഴുവൻ ചികിത്സാച്ചെലവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26-5-2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1223/2015/ ആഭ്യന്തരം പ്രകാരം ഗ്രേഡ് സബ് ഇൻസ്പെക്ടറായ ശ്രീ. രാജന്റെ മുഴുവൻ ചികിത്സാച്ചെലവും ഏറ്റെടുത്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സിബി എന്ന യുവാവിന്റെ കസ്റ്റഡി മരണം

93(5679) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മരങ്ങാട്ടുപള്ളിയിലെ സിബി എന്ന യുവാവിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ കളക്ടർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ശ്രീ. ടി. ഒ. സൂരജ്, ശ്രീ. രാഹുൽ ആർ. നായർ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം

94(5680) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത സ്വത്ത് സമ്പാദനത്തിന് ശ്രീ. ടി. ഒ. സൂരജ്, ഐ.എ.എസ്-നും ക്വാറി ഉടമകളിൽ നിന്നും കൈക്കൂലി വാങ്ങിയതിന് ശ്രീ. രാഹുൽ ആർ. നായർ, ഐ.പി.എസ്. -നും എതിരെ വിജിലൻസ് കേസ്സെടുത്തിരുന്നോ ; ഏതെല്ലാം തീയതികളിലാണ് ഇരുവർക്കുമെതിരെ കേസ്സ് എടുത്തത് ; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.